## പതിനാലാം കേരളനിയമസഭ
### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2729 | 06.11.2019 ന് മറുപടിയ്ക്ക്.

## <u>കൃഷിനാശം വരുത്തുന്ന കാട്ടുപന്നികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | കൃഷിനാശം വരുത്തുന്ന കാട്ടു പന്നികളെ ലൈസൻസുള്ള തോക്കുണ്ടെങ്കിലും ഇനി കർഷകർക്ക് വെടിവെച്ച് കൊല്ലാൻ കഴിയാത്ത സാഹചര്യമുണ്ടോ; ഇതു സംബന്ധിച്ച 2014-ലെ ഉത്തരവ് ഇപ്പോൾ ഭേദഗതി വരുത്തുക ഉണ്ടായോ; | (എ) | കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതിന് കർഷകർക്ക് അനുമതി നൽകുന്ന 2014-ലെ ഉത്തരവ് ഇപ്പോൾ നിലവിലില്ല. ഇതു സംബന്ധിച്ച് പുതുക്കിയ ഉത്തരവ് 16/02/2019-ൽ സ.ഉ.(കൈ) നം.7/2019/വനം എന്ന നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.(പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു) പ്രസ്തുത ഉത്തരവ് പ്രകാരം കാട്ടുപന്നി ആക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ നിന്ന് അവയെ ഒഴിവാക്കുന്നതിന് ആ പ്രദേശങ്ങളുടെ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ വൈൽഡ് ലൈഫ് വാർഡൻമാർ എന്നിവരെ ചുമതലപ്പെടുത്തുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തിയിട്ടുണ്ട്. കൃഷിക്കും മനുഷ്യജീവനും നാശം വരുത്തുന്ന കാട്ടു പന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള അധികാരം ബന്ധപ്പെട്ട സ്ഥലങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / |

| | | | |
|---|---|---|---|
| | | | വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് വികേന്ദ്രീകരിച്ച നൽകിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ 08/03/2013-ലെ WL4-466/11 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം (2) ആയി ചേർക്കുന്നു) |
| **(ബി)** | എങ്കിൽ പുതിയ ഉത്തരവ് പ്രകാരം വെടി വയ്ക്കാനുള്ള അനുമതി ആർക്കാണ് നല്കിയതെന്ന് വ്യക്തമാക്കുമോ; മറ്റെന്തൊക്കെ ഭേദഗതികളാണ് 2014-ലെ ഉത്തരവിൽ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | **(ബി)** | 16/02/2019-ലെ സ.ഉ.(കൈ) നം.7/2019/വനം ഉത്തരവ് പ്രകാരം കാട്ടുപന്നികളെ വെടിവെയ്ക്കുന്നതിന് മതിയായ പരിശീലനം സിദ്ധിച്ച വനം വകുപ്പ് / പോലീസ് / മറ്റ് യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ എന്നിവർ രേഖാമൂലം ചുമതലപ്പെടുത്തേണ്ടതാണ്. ഭേദഗതി സംബന്ധിച്ച പുതുക്കിയ ഉത്തരവ് അനുബന്ധം (1) ആയി ചേർക്കുന്നു. |
| **(സി)** | കാട്ടുപന്നികൾ ശല്യമുണ്ടാക്കാതെ കാട്ടിലേയ്ക്ക് മടങ്ങാൻ തുടങ്ങിയാൽ വെടി വെയ്ക്കരുതെന്നും, കാട്ടിൽ കടന്നു കഴിഞ്ഞാൽ ഒരു കാരണവശാലും വെടിവയ്ക്കരുതെന്നും ഉത്തരവിലുണ്ടോ; വെടിവയ്ക്കുമ്പോൾ പഞ്ചായത്ത് മെമ്പറോ, പ്രസിഡന്റോ സ്ഥലത്ത് ഉണ്ടാകണമെന്ന നിബന്ധനയുണ്ടോ? | **(സി)** | വെടിവെയ്ക്കുന്നതിനുമുമ്പ് കാട്ടിലേയ്ക്ക് മടങ്ങി പൊയ്ക്കൊണ്ടിരിക്കുന്നതോ കാട്ടിനുള്ളിൽ ആയിരിക്കുന്നതോ ആയ കാട്ടുപന്നികളെ വെടിവെയ്ക്കരുതെന്നും, വെടിവയ്ക്കുമ്പോൾ പ്രദേശത്തെ പഞ്ചായത്ത് മെമ്പറോ പ്രസിഡന്റോ സ്ഥലത്ത് ഉണ്ടായിരിക്കണമെന്നും 16/02/2019-ലെ സ.ഉ.(കൈ) നം.7/2019/വനം ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1



'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുവാൻ നല്കിയ ഉത്തരവുകളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(ഡി)വകുപ്പ്

സ.ഉ.(കൈ) നം.7/2019/വനം തീയതി,തിരുവനന്തപുരം, 16/02/2019

പരാമർശം:- 1. 17.11.2014 -ലെ സ.ഉ.(എംഎസ്) നം.95/2014/വനം

2.പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വന്യജീവിവിഭാഗം)ന്റെ

24/12/2018 -ലെ ഡബ്ല്യു.എൽ. 4-466/2011 തീയതി കത്ത്.

ഉത്തരവ്

വനേതര പ്രദേശങ്ങളിൽ കാട്ടുപന്നികൾ കടന്നുകയറി കൃഷിനാശം വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും കുറയ്ക്കുന്നതിനായി കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ സ്വന്തം കൃഷിയിടത്തിൽ വച്ച് ലൈസൻസ് തോക്ക് ഉപയോഗിച്ച് വെടിവെച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി അനുവാദം നൽകിയിരുന്നത് പരാമർശം(1) പ്രകാരമുള്ള ഉത്തരവ് പ്രകാരം നീട്ടി നൽകിയിരുന്നു.

2. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അപ്രായോഗികമാണെന്ന് കർഷകരും ജനപ്രതിനിധികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇക്കാര്യം State Board for Wildlife ന്റെ 12.11.2018-ലെ യോഗത്തിൽ പരിഗണിയ്ക്കുകയും, കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ വന്യജീവി (സംരക്ഷണ) നിയമം പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗപ്പെടുത്താമെന്ന് ബോർഡ് നിർദ്ദേശിച്ചു. കൂടാതെ, കാട്ടുപന്നികളെ 'വെർ മിൻ' ആയി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിശദമായ ശാസ്ത്രീയ പഠനം നടത്തുവാനും തീരുമാനിച്ചു.

3. കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ തയ്യാറാക്കി വരുന്നതിനാൽ 1972-ലെ വന്യജീവി (സംരക്ഷണ) നിയമം പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം പ്രയോഗത്തിൽ വരുത്തുന്നതിനുള്ള പ്രൊപ്പോസൽ പി.സി.സി.എഫ് പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്നു.

4. വന്യജീവി സംരക്ഷണനിയമത്തിലെ സെക്ഷൻ 11(ബി) പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവെച്ചുകൊല്ലുന്നതിന് അനുമതി നല്കി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു.

5. 1972-ലെ വന്യജീവി സംരക്ഷണ ആക്റ്റിന്റെ 11- വകുപ്പ് (1)- ഉപവകുപ്പ് (ബി) ഖണ്ഡിക പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഏതൊരു ഉദ്യോഗസ്ഥനോ സ്വയം ബോദ്ധ്യപ്പെടുന്ന പക്ഷം ടി ആക്റ്റിന്റെ ഷെഡ്യൂൾ II, III, IV എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതൊരു

വന്യജീവിയും മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണിയുണ്ടാകുന്ന സാഹചര്യത്തിലോ അല്ലെങ്കിൽ അത് ഗുരുതരമായ രോഗാവസ്ഥയിലായ സാഹചര്യത്തിലോ, കാരണങ്ങൾ വ്യക്തമാക്കി കൊണ്ടുള്ള ഒരു ഉത്തരവ് മുഖേന ടി വന്യമൃഗത്തെ കൊല്ലാനുള്ള അനുമതി നല്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ആക്ടിന്റെ 5 വകുപ്പിൽ 'power of delegate'-നെ പ്പറ്റിയും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 5- വകുപ്പ് (2)- ഉപവകുപ്പ് പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡന് തനിയ്ക്ക് നല്കപ്പെട്ട ഏതൊരധികാരവും, സെക്ഷൻ 11 (1) (a) പ്രകാരം നൽകപ്പെട്ടതൊഴികെ, തന്റെ കീഴ് ജീവനക്കാരന് നിബന്ധനകളോടു കൂടി delegate ചെയ്യാ നല്ലാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ, വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5 (2) പ്രകാരം മേൽ നിയമത്തിലെ സെക്ഷൻ 11 (1) (b) -യ്ക്ക് കീഴിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായും മനുഷ്യജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനുമുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് ഡെലിഗേറ്റ് ചെയ്യുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തി ഉത്തരവാകുന്നു.

7. ഈ അധികാരം പ്രയോഗിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും വൈൽഡ് ലൈഫ് വാർഡന്മാർക്കും, ആവശ്യാനുസരണം ചീഫ് വൈൽഡ് ലൈഫ് വാർഡൻ വികേന്ദ്രീകരിച്ചു നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തുന്നു.

8. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഇതോടൊന്നിച്ച് ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ(അനുബന്ധമായി ചേർക്കുന്നു)ക്കനുസൃതമായി നടപ്പിലാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. എ ജയതിലക് ഐ.എ.എസ്
പ്രിൻസിപ്പല് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, കേരള

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, കേരള

ഡയറക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ആസ്ഥാനം,വഴുതയ്ക്കാട്, തിരുവനന്തപുരം

എല്ലാ ജില്ലാകളക്ടർമാർക്കും

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ്(മാധ്യമങ്ങളിലും സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുന്നതിന്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

കരുതൽ ശേഖരം/ഓഫീസ് കോപ്പി

പകർപ്പ് - വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മനുഷ്യജീവനോ സ്വത്തിനോ നാശമുണ്ടാക്കുന്ന കാട്ടുപന്നികളെ ഒഴിവാക്കുന്നതിൽ ( സ. ഉ .( കൈ) നം. 7/2019/വനം പ്രകാരം ) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ സ്വീകരിക്കേണ്ട നടപടി ക്രമം .

ബാധകമാവുന്ന മൃഗങ്ങൾ -

മനുഷ്യനോ സ്വത്തിനോ കൃഷിക്കോ നാശമുണ്ടാക്കുന്ന മൃഗങ്ങളെ മാത്രമേ ഇല്ലാതാക്കുന്നതിന് ഉദ്യമിക്കാൻ പാടുള്ളൂ. മനുഷ്യവാസ കേന്ദ്രങ്ങളിൽ യാദൃശ്ചികമായി അറിയാതെ പെട്ടുപോകുന്ന മൃഗങ്ങളെ ഈ അധികാരം ഉപയോഗിച്ച് കൊല്ലാൻ പാടില്ല .

പ്രദേശം -

- കഴിഞ്ഞ മൂന്നുവർഷക്കാലത്തിനിടയിൽ ഒരു തവണയെങ്കിലും മനുഷ്യനു നേരെ വന്യജീവി ആക്രമണമുണ്ടായിട്ടുള്ള പഞ്ചായത്ത് വാർഡുകളിൽ കടന്നുവരുന്നവയെ മാത്രമേ ഇത്തരത്തിൽ കൊല്ലുന്നതിന് പരിഗണിക്കാവൂ .

- കഴിഞ്ഞ മൂന്ന വർഷക്കാലത്തിനുള്ളിൽ കൃഷിനാശത്തിന് നഷ്ടപരിഹാരമായി പത്തുലക്ഷം രൂപയെങ്കിലും നൽകിയിട്ടുള്ള പഞ്ചായത്തിലെ വാർഡുകളിലും ഇതു പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

- തീവ്രമായ മൃഗശല്യം ഉള്ളതാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ അദ്ധ്യക്ഷനായതും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വാർഡ് അംഗം, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, അസിസ്റ്റൻറ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നിർദ്ദേശിക്കുന്ന ഒരു സർക്കാരിതര ഏജൻസിയുടെ പ്രതിനിധി എന്നിവർ ചേർന്ന കമ്മിറ്റി വിലയിരുത്തിയതുമായ പഞ്ചായത്ത് വാർഡിലും അതു പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

- പ്രദേശത്തെ ജനജാഗ്രതാ സമിതി യോഗം ചേർന്ന് തീരുമാനിച്ച ശുപാർശ ചെയ്യുന്ന പ്രകാരമുള്ള ഭാഗത്തെ കാട്ടുപന്നികളെയും ഒഴിവാക്കുന്നതിന് പരിഗണിയ്ക്കേണ്ടതാണ്.

നടപടിക്രമം -

- മേല്പറഞ്ഞ മാനദണ്ഡങ്ങൾക്കനുസൃതമായി വന്യമൃഗശല്യമുള്ള പ്രദേശത്തെ മൃഗം/മൃഗങ്ങൾ ആണോ എന്ന് കണ്ടെത്തി അതിനെ ഒഴിവാക്കേണ്ടതാണോ എന്ന് സ്ഥിരീകരിക്കുക .

- പ്രശ്നമുണ്ടാക്കുന്ന മൃഗം/മൃഗങ്ങൾ ഏതാണെന്ന് കൃത്യമായും വ്യക്തമായും നിരീക്ഷിച്ച് തിരിച്ചറിയുക.

- ഇപ്രകാരം ഉറപ്പ് വരുത്തിയ മൃഗത്തെ/മൃഗങ്ങളെ കൊല്ലുന്നതിന് മതിയായ പരിശീലനം സിദ്ധിച്ച ഒരു

വനംവകുപ്പ് / പോലീസ് /മറ്റ് യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥനെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻ രേഖാമൂലം ചുമതലപ്പെടുത്തേണ്ടതാണ്.

- ഈ വസ്തുത ചീഫ് വൈൽഡ് ലൈഫ് വാർഡനെ സെൽഫോൺ / ഫാക്സ് മുഖേന തത്സമയം തന്നെ അറിയിക്കേണ്ടതാണ്.

- ഉപദ്രവകാരിയായ മൃഗത്തെ/മൃഗങ്ങളെ ഉടൻതന്നെ കൊല്ലാൻ കഴിവുള്ളതും ആയുധം പ്രയോഗിക്കുന്ന ഉദ്യോഗസ്ഥന് സുരക്ഷിതമായി കൈകാര്യം ചെയ്യാവുന്നതുമായ തോക്ക് മാത്രമേ ഇക്കാര്യത്തിന് ഉപയോഗിക്കാവൂ.

- അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് നൽകിയിട്ടുള്ള ലൈസൻസ് തോക്ക് മാത്രമേ ഇക്കാര്യത്തിന് ഉപയോഗിക്കാവൂ.

- റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നേതൃത്വത്തിൽ വാച്ചർമാർ, വനസംരക്ഷണ ഉദ്യോഗസ്ഥർ, പരിശീലനം സിദ്ധിച്ച മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർ, മൃഗങ്ങളെ വെടിവച്ചു കൊല്ലുന്നതിൽ പരിശീലനം സിദ്ധിച്ചവർ എന്നിവരടങ്ങിയ ഒരു സംഘമാണ് കൃത്യം നിർവ്വഹിക്കേണ്ടത്.

- പൊതുജനത്തെ സുരക്ഷിതമായ അകലത്തിൽ നിർത്തുന്നതിന് ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ഉണ്ടായിരിക്കണം.

- മുലയൂട്ടുന്ന മൃഗത്തെ/മൃഗങ്ങളെ ഒരു കാരണവശാലും കൊല്ലാൻ പാടില്ല.

- വെടിവയ്ക്കുന്നതിനുമുമ്പുതന്നെ കാട്ടിലേയ്ക്ക് മടങ്ങിപ്പോയതോ മടങ്ങിപ്പൊയ്ക്കൊണ്ടിരിക്കുന്നതോ ആയ മൃഗത്തെ/മൃഗങ്ങളെ വെടിവയ്ക്കാൻ പാടില്ല.

- കാട്ടിനുള്ളിൽ വച്ച് ഒരു മൃഗത്തെ/മൃഗങ്ങളെ കൊല്ലാൻ പാടില്ല.

- കൃത്യം നിർവ്വഹിക്കുമ്പോൾ ഉദ്യോഗസ്ഥരോടൊപ്പം പ്രദേശത്തെ ഗ്രാമപഞ്ചായത്ത് അംഗം / പഞ്ചായത്ത് പ്രസിഡൻറ് പരിസരത്ത് ഉണ്ടായിരിക്കണം.

<u>മൃതശരീരം മറവുചെയ്യുന്നത് -</u>

- വെടിയേറ്റ ഉടൻതന്നെ മൃഗത്തിന്റെ/മൃഗങ്ങളുടെ ജഡം കണ്ടെത്തുക. അതീവ ശ്രദ്ധയോടെ മാത്രമേ ജഡത്തെ സമീപിക്കാവൂ. കൊല്ലപ്പെട്ട മൃഗത്തിന്റെ ജഡം സൂക്ഷ്മമായി പരിശോധിച്ച് മഹസ്സർ തയ്യാറാക്കേണ്ടതും ഏറ്റവും അടുത്തുള്ള സൗകര്യപ്രദമായ സ്ഥലത്തുവച്ച് പോസ്റ്റുമോർട്ടം ചെയ്യേണ്ടതും അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്.

- കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ മണ്ണെണ്ണ ഉപയോഗിച്ച് ജഡം കത്തിക്കേണ്ടതോ അഞ്ചടിയെങ്കിലും ആഴമുള്ള കുഴിയെടുത്ത് മറവുചെയ്യേണ്ടതോ ആണ്.

<u>മേലധികാരിയ്ക്ക് റിപ്പോർട്ട് നൽകുക -</u>

- ഉപദ്രവകാരിയായ മൃഗത്തെ/മൃഗങ്ങളെ വെടിവയ്ക്കുന്നതിന് ഔദ്യോഗിക നിർദ്ദേശം നൽകിയാലുടൻ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ, ചീഫ് വൈൽഡ് ലൈഫ് വാർഡനെ സെൽഫോൺ / ഇ – മെയിൽ മുഖാന്തിരം വിവരമറിയിക്കേണ്ടതാണ്. അനുബന്ധത്തിൽ ചേർത്തിട്ടുള്ള നിശ്ചിത മാതൃകയിലുള്ള റിപ്പോർട്ട് 2 4 മണിക്കൂറിനകം ചീഫ് വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്.

- വെടിവച്ചുകൊല്ലുന്നതിനുള്ള അധികാരം പ്രയോഗിക്കേണ്ടിവന്നാൽ ഉടൻ തന്നെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വാർഡൻ അതിനിടയാക്കിയ സാഹചര്യങ്ങൾ പ്രദേശത്തെ മാലിന്യശേഖരം ഉൾപ്പെടെയുള്ളവ വിശകലനം ചെയ്യേണ്ടതും അത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ പങ്കാളിത്തത്തോടെ സ്വീകരിക്കേണ്ടതുമാണ്.

## അനുബന്ധം

## കൊല്ലപ്പെട്ട കാട്ടുപന്നിയുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മാതൃക

1. ഉത്തരവിന്റെ വിശദാംശങ്ങൾ

I. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ :

II. ഉത്തരവ് നമ്പർ :

III. തീയതി :

2. സ്ഥലവിവരങ്ങൾ

I. സ്ഥലം :

II. ജി . പി . എസ് : അക്ഷാംശം : രേഖാംശം :

III. ഡിവിഷൻ / റെയിഞ്ച് / സ്റ്റേഷൻ / സെക്ഷൻ :

IV. പഞ്ചായത്ത് / വാർഡിന്റെ പേര് :

V. കാലാവസ്ഥ ( മഴ / മേഘാവൃതം / തെളിഞ്ഞത് ):

3. മൃഗത്തിന്റെ വിവരങ്ങൾ

വർഗ്ഗം : ആൺ / പെൺ :

ശാരീരികാവസ്ഥ :

ഏകദേശപ്രായം :

ബ്രീഡിംഗ് നില :

ഭാരം ( കി . ഗ്രാം ):

4. ശരീര അളവുകൾ

മൂക്കിന്റെ അഗ്രം മുതൽ വാൽ തുടങ്ങുവരെ :

മൂക്കിന്റെ അഗ്രം മുതൽ തലയോട്ടിവരെ (occipital):

ശരീരവണ്ണം : കഴുത്തിന്റെ വണ്ണം :

5. തോക്കിനെ സംബന്ധിച്ച വിവരങ്ങൾ

തോക്കിന്റെ ഇനം :

ഉടമസ്ഥത :

ലൈസൻസ് നമ്പർ :

അമ്യൂണിഷൻ :

വെടിവച്ച റൗണ്ടുകൾ :

6. മറ്റുവിവരങ്ങൾ

വെടികൊണ്ട മൃഗത്തിന്റെ പ്രതികരണം :

( ഓടുക , നടക്കുക , നിൽക്കുക , പരിഭ്രമിക്കുക ):

7. മറ്റ് വിവരങ്ങൾ

ജഡം മറവുചെയ്യ കൃത്യസ്ഥലം :

ജി . പി . എസ് : അക്ഷാംശം : രേഖാംശം :

തീയതി

പേര് :

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ .................................... റേഞ്ച്

സെക്ഷൻ ഓഫീസർ

അനുബന്ധം 2

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ആന്റ് ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ, തിരുവനന്തപുരം - ന്റെ നടപടി ഉത്തരവ്

പുറപ്പെടുവിക്കുന്നത് : സുരേന്ദ്ര കുമാർ, ഐ.എഫ്.എസ്

വിഷയം: വനം-വന്യജീവി വകുപ്പ് - കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്നതും നാട്ടുകാർക്ക് ജീവഹാനി വരുത്തുന്നതുമായ കാട്ടുപന്നികളെ ഉപാധികളോടെ കൊല്ലുന്നതിന് ഡിവിഷണൽ ഫോറസ്റ്റാഫീസർ, വൈൽഡ്‌ലൈഫ് വാർഡൻ എന്നിവരെ ചുമതലപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ്.

പരാമർശം: 1. സ.ഉ (കൈ) നം. 7/2019/വനം തീയതി 16.02.2019.
2. 17.11.2014 ലെ സ.ഉ (എം.എസ്) നം. 95/2014/വനം

ഉത്തരവ് നം.ഡബ്ള്യു.എൽ4-466/2011 തീയതി: 08.03.2019

വനേതര പ്രദേശങ്ങളിൽ കാട്ടുപന്നികൾ കടന്നു കയറി കൃഷിനാശം വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും കുറയ്ക്കുന്നതിലേയ്ക്കായി കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവച്ചോ അല്ലാതെയോ വേട്ടയാടുന്നതിന് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മേൽ പരാമർശം (2) ഉത്തരവ് പ്രകാരം അനുവാദം നൽകിയിരുന്നു. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അപ്രായോഗികമാണെന്ന് കർഷകരും ജനപ്രതിനിധികളും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും, ഇക്കാര്യം 12.11.2018 ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ ചർച്ച ചെയ്യുകയും, കാട്ടുപന്നികളുടെ ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ 1972 ലെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരം ചീഫ് വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗപ്പെടുത്താമെന്ന് ബോർഡ് നിർദ്ദേശിച്ചു.

1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11-ാം വകുപ്പിന്റെ 1-ാം ഉപ വകുപ്പ് ഖണ്ഡിക (ബി) പ്രകാരം, ചീഫ് വൈൽഡ്‌ലൈഫ് വാർഡനോ, അല്ലെങ്കിൽ അധികാരപ്പെടുത്തിയിട്ടുള്ള ഏതൊരു ഉദ്യോഗസ്ഥനോ, പ്രസ്തുത ആക്ടിന്റെ ഷെഡ്യൂൾ, II, III, IV എന്നിവിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏതൊരു വന്യജീവിയും മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉണ്ടാക്കുന്നു എന്ന് സ്വയം ബോധ്യപ്പെടുന്ന പക്ഷം, കാരണങ്ങൾ വ്യക്തമാക്കി കൊണ്ടുള്ള ഉത്തരവ് മുഖേന പ്രസ്തുത വന്യമൃഗത്തെ കൊല്ലുവാനുള്ള അനുമതി നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ 5-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പ് പ്രകാരം ചീഫ് വൈൽഡ്‌ലൈഫ് വാർഡന് തന്നിൽ നിക്ഷിപ്തമായ

ഏതൊരു അധികാരവും സർക്കാർ മുൻകൂർ അനുമതിയോടെ (സെക്ഷൻ 11 (1) (a) പ്രകാരം നൽകപ്പെട്ടതൊഴികെ) തന്റെ കീഴ് ജീവനക്കാർക്ക് വികേന്ദ്രീകരിച്ച് നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5 (2) പ്രകാരം മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിനായി മേൽ നിയമത്തിലെ സെക്ഷൻ 11 (1) (b) മുഖേന ചീഫ് വൈൽഡ്‌ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഡിവിഷണൽ ഫോറസ്റ്റാഫീസർ, വൈൽഡ്‌ലൈഫ് വാർഡൻ എന്നിവർക്ക് ഡെലിഗേറ്റ് ചെയ്തു നൽകുന്നതിന് ചീഫ് വൈൽഡ്‌ലൈഫ് വാർഡനെ അധികാരപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**മേൽ സാഹചര്യത്തിൽ, കാട്ടുപന്നികളുടെ ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ കാർഷിക വിളകൾ നശിപ്പിക്കുന്നതോ, മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉണ്ടാക്കുന്നതോ ആയ കാട്ടുപന്നികളെ മേൽ പരാമർശം (1) സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11 (1) (b) പ്രകാരം കൊല്ലുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം എല്ലാ ടെറിറ്റോറിയൽ ഡിവിഷണൽ ഫോറസ്റ്റാഫീസർമാർക്കും സംരക്ഷിത മേഖലകളിലെ വൈൽഡ്‌ലൈഫ് വാർഡൻമാർക്കും ഡെലിഗേറ്റ് ചെയ്തു നൽകിക്കൊണ്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ ആയ സുരേന്ദ്ര കുമാർ, ഐ.എഫ്.എസ് എന്ന ഞാൻ ഇതിനാൽ ഉത്തരവാകുന്നു.** ഡിവിഷണൽ ഫോറസ്റ്റാഫീസർമാരും വൈൽഡ്‌ലൈഫ് വാർഡൻമാരും തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം മേൽ പരാമർശം (1) സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കേണ്ടതാണ്.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്‌ലൈഫ്) &
ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ

പകർപ്പ്:

1. പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്, സെക്രട്ടറിയേറ്റ് (with C/L)
2. ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് (with C/L)
3. എല്ലാ പി.സി.സി.എഫ് / എ.പി.സി.സി.എഫ്/സി.സി.എഫ്/സി.എഫ് - മാർക്ക്.
4. എല്ലാ ഡി.എഫ്.ഒ മാർ / വൈൽഡ്‌ലൈഫ് വാർഡൻമാർ / ഡെപ്യൂട്ടി ഡയറക്ടർമാർ / എ.സി.എഫ് -മാർക്ക്
5. എ.സി.എഫ് (ജി.ഐ.എസ്) - ഡിപ്പാർട്ട്മെന്റൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
6. സ്റ്റോക്ക് ഫയൽ

D:\CO Files\Files\2019.Sh\Section Files\WL4\Proceedings.Mal.doc

സെക്ഷൻ ഓഫീസർ